## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2520 11-10-2011-ൽ മറുപടി നൽകേണ്ടത്.

### "വില്ലേജാഫീസുകളുടെ പ്രവർത്തന സ്വാതന്ത്ര്യം"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>എം.എൽ.എ. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ബഹു. റവന്യൂ മന്ത്രി. |
| (എ) മൂന്നാറിലെ സ്പെഷ്യൽ റവന്യൂ ഓഫീസ്, കെ.ഡി.എച്ച്. - ലെ വിവിധ സെക്ടർ ഓഫീസുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ ഓഫീസുകൾ നിർവ്വഹിക്കുന്നത്; | (എ) വിലയിരുത്തിയിട്ടുണ്ട്. 31/05/2010 ലെ സ.ഉ. (കൈ) 201/2010/ആർ.ഡി. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വ്യാജ പട്ടയങ്ങൾ കണ്ടെത്തി നടപടി സ്വീകരിയ്ക്കുക, ഇടുക്കി ജില്ലയിലെ റവന്യൂ റിക്കാർഡുകൾ യഥാവിധി പുനഃസ്ഥാപിയ്ക്കുക, സർക്കാർ ഭൂമി സംരക്ഷിക്കൽ, അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തി നടപടി സ്വീകരിയ്ക്കൽ, കുന്നുകൾ, മലകൾ, വൃക്ഷങ്ങൾ, പുഴ, തോട് എന്നിവയുടെ സംരക്ഷണം, സർക്കാർ ഏറ്റെടുത്തതും ഭാവിയിൽ ഏറ്റെടുക്കുന്നതുമായ കെട്ടിടങ്ങൾ, തോട്ടങ്ങൾ, തടയണകൾ, ജലാശയങ്ങൾ എന്നിവയുടെ സംരക്ഷണം, മേൽ പ്രസ്താവിച്ച വില്ലേജുകളിലെ ഭൂമി സംബന്ധമായി വിവിധ കോടതികളിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾക്കാവശ്യമായ പത്രികകളും മറ്റും യഥാസമയം എത്തിക്കുകയും വ്യവഹാരങ്ങളിൽ ഫലപ്രദമായ നിരീക്ഷണം ഏർപ്പെടുത്തുകയും ചെയ്യുക, ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയ ഭൂമിയുടെ ഫലപ്രദമായ സംരക്ഷണം, പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകരുതലുകളും ഏർപ്പെടുത്തുക, സർക്കാർ ഭൂമിയിലെ മേലാദായം യഥാസമയം കണ്ടെത്തി, ഖജനാവിലേയ്ക്ക് മുതൽ കൂട്ടുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ഓഫീസുകൾ നിർവ്വഹിക്കുന്നത്. |
| (ബി) പ്രസ്തുത ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരുണ്ടോ; ഒഴിവുകൾ എത്രയുണ്ട്; | (ബി) ഉണ്ട്. ഇതിൽ ദേവികുളം സ്പെഷ്യൽ തഹസീൽദാർ (എൽ.എ) ഓഫീസിൽ മൂന്ന് വില്ലേജ്മാൻ തസ്തികയും, കെ.ഡി.എച്ച്. വില്ലേജോഫീസിൽ ഒരു വില്ലേജ് അസിസ്റ്റന്റിന്റെയും ഒരു ശിപായിയുടെയും ഒഴിവുകൾ നിലവിലുണ്ട്. |

| | | |
|---|---|---|
| (സി) സെക്ടർ ഓഫീസുകൾ വഴി നേരിട്ട് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br>(ഡി) ഓഫീസ് സൗകര്യവും ജീവനക്കാരും സീലുമുൾപ്പെടെ വില്ലേജാഫീസുകളുടെ പ്രവർത്തന സ്വാതന്ത്ര്യം സെക്ടർ ഓഫീസുകൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | സ്വീകരിച്ചിട്ടുണ്ട്. കെ.ഡി.എച്ച്. വില്ലേജിലെ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയും, സെക്ടറൽ ഓഫീസർമാരുടെയും അധികാരങ്ങളും ചുമതലകളും നിർവ്വചിച്ചുകൊണ്ട് 28/02/2011 ലെ സ.ഉ.(കൈ) 1410/11/ആർ.ഡി. നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ വിവിധ സർട്ടിഫിക്കറ്റുകൾ നൽകാൻ സെക്ടറൽ വില്ലേജ് ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ